# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/127/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/127/2023 തീയ്യതി: 29/03/2023

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ. എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 18-01-2023 | 28-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-01-2023 | 28-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി ടി.ഒ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രമ്യ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പി.ശ്രുതി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ടി.പി.ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീ.സുനിൽ കുമാർ.കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 06-07-2021 |
| ശ്രീ.ടി.ഷിബുകരുൺ | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റമീസ.ഇ.എം | കൃഷി ഓഫീസർ | 01-04-2021 | 05-01-2022 |
| ശ്രീ.പ്രസന്നൻ.യു | കൃഷി ഓഫീസർ | 06-01-2022 | 31-03-2022 |
| ശ്രീമതി.സ്മിത.എസ് പിള്ള | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജീജ.സി | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.നവ്യ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.വിജീഷ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 14-07-2021 |
| ശ്രീ.വി.എ.ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2021 | 31-03-2022 |
| ശ്രീമതി.രാജശ്രീ.സി.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 29-06-2021 |
| ശ്രീമതി.ഷെബില.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 30-06-2021 | 31-03-2022 |
| ശ്രീ. രാജേഷ് ടി.ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുശ്രീ എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിഷ രാജൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ചിറക്കൽ) | 01-04-2021 | 15-09-2021 |
| ശ്രീമതി ബബിത കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ചിറക്കൽ) | 16-09-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ വി.സി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കാട്ടാമ്പളി) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ ജബ്ബാർ | ഹെഡ് മാസ്റ്റർ-ഇൻചാർജ്ജ് | 01-04-2021 | 26-10-2021 |
| ശ്രീ.സജിത്ത് എ.കെ. | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |
| ഡോ.ഹഫ്സിസ മുഹമ്മദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | ധനകാര്യ പത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 10 | ഗ്രാമ സഭ | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 |
| 12 | ആസ്തി പരിപാലനം | 1-11 |
| 13 | തൊഴിൽ നികുതി അപാകങ്ങൾ | 1-12 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-13 |
| 15 | വസ്തു നികുതി നിർണയം- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല | 1-14 |
| 16 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അപാകതകൾ -ഈടാക്കാൻ കുറവ് വന്ന തുക 6800 രൂപ ഈടാക്കേതാണ് | 1-15 |
| 17 | ക്ഷേമ പെൻഷൻ വിതരണം-അപാകതകൾ | 1-16 |
| 18 | ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക തിരികെ ഈടാക്കേണ്ടതാണ് | 1-17 |
| 19 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ഉപകരണങ്ങൾ ലഭിച്ചിട്ടില്ല-₹23305 തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | സമഗ്ര ആരോഗ്യ പരിപാടി - അപാകങ്ങൾ-₹39150 തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | ലൈഫ് ഭവനപദ്ധതി(ജനറൽ) -രേഖകൾ ഹാജരാക്കിയില്ല ₹400000 തടസ്സപ്പെടുത്തുന്നു. | 1-20 |
| 22 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ - തുക ₹50143/- തടസപ്പെടുത്തുന്നു. | 1-21 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-22 |
| 24 | കുന്നംകൈ ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - മരുന്ന് | 1-23 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല | |
| 25 | തെരുവ് വിളക്കുകൾക്കുള്ള വൈദ്യുത ചാർജ്ജ്- കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-24 |
| 26 | വിവിധ പ്രവൃത്തികൾക്ക് കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് നൽകൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-25 |
| 27 | ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചത് – സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-26 |
| 28 | മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ ചെലവ് തുകയ്ക്ക് വ്യക്തത വരുത്തേണ്ടതാണ് | 1-27 |
| 29 | ഐ കെ എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-28 |
| 30 | സമഗ്ര ശിക്ഷ കേരളം-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-29 |
| 31 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത്- രേഖകൾ ഹാജരാക്കിയില്ല. ₹1148087 തടസ്സപ്പെടുത്തുന്നു | 1-30 |
| 32 | സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ കാലാവധി ദീർഘിപ്പിച്ചു.ദീർഘിപ്പിച്ച കാലയളവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - നിയമപ്രകാരമുള്ള പിഴ തുക ഈടാക്കേണ്ടതാണ്. | 1-31 |
| 33 | അനിയന്ത്രിതമായി പ്രവൃത്തി പൂർത്തീകരണം വൈകിയത്-പിഴ ഈടാക്കേണ്ടതാണ് | 1-32 |
| 34 | പ്രവൃത്തിമൂല്യം തുകയിൽ നിന്നും വ്യത്യസ്തമായി ബിൽതുക കണക്കാക്കി- അധികം അനുവദിച്ച തുക 112001 രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്. | 1-33 |
| 35 | വെഹിക്കിൾ ഹയർ ചാർജ്ജസ് - 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. | 1-34 |
| 36 | ടാർ ബാരലിന്റെ വില-തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല | 1-35 |
| ഭാഗം **2** | | |
| 1 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക 6800രൂപ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ് | 2-1 |
| 2 | വസ്തു നികുതി നിർണയം- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല | 2-2 |
| ഭാഗം **3** | | |
| 1 | പ്രവൃത്തിമൂല്യം തുകയിൽ നിന്നും വ്യത്യസ്തമായി ബിൽതുക കണക്കാക്കി- അധികം അനുവദിച്ച തുക 112001 രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്. | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതിയുടെ 20-2-2021 ലെ 33/21 നമ്പർ യോഗ തീരുമാന പ്രകാരം അംഗീകരിച്ച 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| | ബജറ്റ് തുക |
|---|---|
| മുൻബാക്കി | 27255247 |
| വരവ് | 292663475 |
| ആകെ വരവ് | 319918722 |
| ചെലവ് | 309701468 |
| നീക്കിയിരിപ്പ് | 10217254 |

| പരിഷ്കരിച്ച ബജറ്റ് | |
|---|---|
| മുൻബാക്കി | 29868479 |
| വരവ് | 292663475 |
| ആകെ വരവ് | 322531954 |
| ചെലവ് | 311201468 |
| നീക്കിയിരിപ്പ് | 11330486 |

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2022 | 16/6/22 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 ധനകാര്യ പത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

ധനകാര്യ പത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് വ്യക്തതവരുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം05/23.01.23) സെക്രട്ടറി ഹാജരാക്കിയ മറുപടി പരിഗണിച്ച് അവശേഷിക്കുന്ന താഴെ പറയുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. B-4 ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച എ സി ആർ/മറ്റ് രേഖകൾ സൂക്ഷിക്കാത്തതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവിധ ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതും നീക്കിയിരിപ്പ് വരുന്ന തുക തിരിച്ചടക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2.A) Income Tax Deducted At Source എന്ന ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ ₹ 3266 2010-11 സാമ്പത്തിക വർഷത്തിൽ തെറ്റായി ഉൾപ്പെടുത്തിയത് ക്രമീകരിക്കേണ്ടതാണ്.

B)Library Cess Payable എന്ന ഇനത്തിൽ കഴിഞ്ഞ വർഷത്തേതുൾപ്പടെ ₹1053028സർക്കാരിലേക്ക് ഒടുക്കാൻ ബാക്കിയുണ്ടായിരുന്നിട്ടും തൻവർഷം തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. 2022-23 തുക മുഴുവനായും ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. യഥാസമയം തുക സർക്കാരിലേക്ക് ഒടുക്കാൻശ്രദ്ധിക്കേണ്ടതാണ്.

C) B-9ൽ 3 ഹെഡുകളിലായി Refunds Payable-Other Fees 53700, Refunds Payable-Others-13500,Refunds Payable-Grants And Funds -75000 എന്നിങ്ങനെയുള്ള വിവിധ ക്ഷേമ പെൻഷൻ ഇനത്തിൽ ഈടാക്കിയ തുകകൾ യഥാസമയം തിരികെ ഒടുക്കാത്തതിനാൽ ബാധ്യതയായി ഉടരുന്നുണ്ട്.

3. B-11(a) ഷെഡ്യൂളിൽ തൻവർഷം ഭാഗീകമായി പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുക വാർഷിക കണക്കിലെ I6ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.ആകെ 542123രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

5. B-18 ഷെഡ്യൂളിൽ A) 2016-17 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി KSEB ക്ക് അനുവദിച്ച ₹3,99,681 ഉം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി അനുവദിച്ച 1,44,555 രൂപയും 2018-19ൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി നൽകിയ ₹524380 ഉം തൻവർഷവും ക്രമീകരിക്കാതെ കിടപ്പുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

B) KSEB ക്ക് അനുവദിച്ച അഡ്വാൻസ് തുകയിൽ തൻവർഷം നൽകിയ അഡ്വാൻസ് തുക ₹149678 ഉൾപ്പെടുത്തിയിട്ടില്ല.

C) അഡ്വൻസ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി കാലീകമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ B-18 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് നം 228/22 (ജനകീയാസൂത്രണം 25- വാർഷിക ചെലവുകൾ)-ന്റെ ഭാഗമായി സുലേഖ ചെലവ് പത്രികയിലെ, ചെലവ് ₹9995 ആണ്. എന്നാൽ ബിൽ പ്രകാരം ₹8000 മാത്രമാണ്. (ഹാജരാക്കിയ വൗച്ചർ നം.661/23.10.21, ചെക്ക് നം 396845/22.10.21 എന്നിവ പ്രകാരം ചെലവ് തുക ₹8000 ആണ്) ചെലവ് തുകയിലുണ്ടായിട്ടുള്ള വൈരുദ്ധ്യത്തിന് കാരണം അറിയിക്കേണ്ടതാണ്.

7. Market Receipts എന്ന ഇനവുമായി ബന്ധപ്പെട്ട DCB രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. AFSൽ പ്രസ്തുത ഇനത്തിലെ ഡിമാന്റ് കലക്ഷൻ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

8.ധനകാര്യ കമ്മീഷൻ അവാർഡിനത്തിൽ നീക്കിയിരിപ്പ് തുക B-4, B-17 ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത ഫണ്ടിനത്തിലുള്ള നീക്കിയിരിപ്പ് തുക ACR ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുത്തില്ല.

9.ക്ഷേമ പെൻഷൻ തുക ഇനത്തിൽ I-6 ഉൾപ്പെടുത്തിയിട്ടുള്ളത് 2021-22 വർഷത്തെ പെൻഷൻ വിതരണത്തിന് 21-22വർഷം വിനിയോഗിച്ച തുക മാത്രമാണ്. 20-21 വർഷത്തെ പെൻഷൻ വിതരണത്തിനായി 21-22 വർഷം വിനിയോഗിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല. .

10. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

11. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.
12. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/23.01.23) ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിനുശേഷം അവശേഷിക്കുന്ന അപാകതകളാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 55856688.79 |
| വരവ് തുക | 118372750 |
| ആകെ | 174229438.79 |
| ചെലവ് തുക | 131995430 |
| നീക്കിയിരിപ്പ് | 42234008.79 |
| വരവിനങ്ങളിലുള്ള നഷ്ടം | 56803 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 112001 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1660685 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26414000 | 26414000 | 25427008 | 986992 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 6377000 | 6377000 | 6376999 | 1 |
| മെയിന്റനൻസ്, റോഡ് | 0 | 13184000 | 13184000 | 9685115 | 3498885 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7966977 | 7966977 | 3888311 | 4078666 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്, അൺടൈഡ് | 0 | 5770678 | 5770678 | 4642594 | 1128084 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 14291133 | 14291133 | 2915800 | 11375333 |
| ശുചിത്വ മിഷൻ | 479892 | 0 | 479892 | 0 | 479892 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | 1005857 | 1503623 | 2509480 | 749894 | 1759586 |
| ടോട്ടൽ സാനിറ്റേഷൻ | 4137776 | 0 | 4137776 | 1125000 | 3012776 |
| എൻ ആർ ഇ ജി എസ് | 1000 | 9469615 | 9470615 | 9467875 | 2740 |
| പൈക്ക | 17135 | 467 | 17602 | 0 | 17602 |
| എം പി ഫണ്ട് | 6362 | 186 | 6588 | 0 | 6588 |
| എസ് എസ് എ ഫണ്ട് | 62000 | 0 | 62000 | 0 | 62000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വം | 267005 | 0 | 267005 | 0 | 267005 |
| ആയുർവ്വേദം | 11539 | 0 | 11539 | 0 | 11539 |
| സാക്ഷരത | 14540 | 581 | 15121 | 0 | 15121 |
| മറ്റു ഗ്രാന്റുകൾ | 15080 | 0 | 15080 | 0 | 15080 |
| മറ്റു ഗ്രാന്റുകൾ | 156285 | 0 | 156285 | 0 | 156285 |
| മറ്റു ഗ്രാന്റുകൾ | 294789 | 682252 | 977041 | 0 | 977041 |

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് 2021-22 വർഷത്തെ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2. NREGS ചെലവ് തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല
3. 2021-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 185 | 156156629 | 132 | 78634782 | 63 | 69 | 53 | 37% |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 4301242 | 3842375 | 90 |
| 2 | വെറ്റിനറി സർജ്ജൻ | 7 | 7 | 1695000 | 954950 | 56 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 8 | 3460770 | 3178993 | 91 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 1450000 | 1444687 | 99.6 |
| 5 | വി.ഇ.ഒ | 19 | 16 | 39860888 | 20309528 | 51 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 10067180 | 7379960 | 73 |
| 7 | അസി. സെക്രട്ടറി | 4 | 4 | 1259765 | 1259764 | 100 |
| 8 | ഹെഡ് മാസ്റ്റർ | 7 | 3 | 3142100 | 1857850 | 59 |
| 9 | സെക്രട്ടറി | 32 | 20 | 23433836 | 8071005 | 35 |
| 10 | അസി. എഞ്ചിനീയർ | 88 | 55 | 66737733 | 29883396 | 35 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 448115 | 229274 | 51 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 223000 | 75 |
| | ആകെ | 185 | 132 | 156156629 | 78634782 | 50% |

ആകെ അടങ്കലിന്റെ 50% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.സെക്രട്ടറി,അസി.എഞ്ചിനീയർ എന്നീ നിർവഹണ ഉദ്യോഗസ്ഥരാണ് 50% ൽ കുറവ് ചെലവ് നടത്തിയിരിക്കുന്നത്. പദ്ധതി ഫണ്ടിനത്തിൽ ലഭിക്കുന്ന മുഴുവൻ ഫണ്ടും വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എൻ ആർ ഇ ജി എസ് തൊഴിലാളികളുടെ കൂലി | 0 | 9067310 | 9067310 | 9067310 | 0 |
| ഭരണചെലവ് | 1000 | 402305 | 403305 | 400565 | 2740 |
| ആകെ | 1000 | 9469615 | 9470615 | 9467875 | 2740 |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1552400 | 95 |
| വിധവാപെൻഷൻ | 24814200 | 1554 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 64903600 | 4428 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 6805200 | 448 |
| അവിവാഹിത പെൻഷൻ | 5878800 | 393 |
| വിവാഹ ധനസഹായം | 540000 | 18 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/1/2023തീയ്യതിയിൽ 2.30 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് തുകയായ 42135 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമ സഭ

ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ ആകെ 23 വാർഡുകൾ ഉണ്ട്. 2021-22 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ, വർഷത്തിൽ ഒരു തവണ മാത്രമേ ഗ്രാമ സഭ ചേർന്നിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. 2022 ജനവരി മാസത്തിൽ ആണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരം വർഷത്തിൽ മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡ് വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിലാണ് കൃത്യമായി യോഗം ചേരാൻ സാധ്യമാവാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ഊർജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു.രജിസ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻകുമ്പൻസി രജിസ്ററർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചുവരുന്നില്ല.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് സംബന്ധിച്ച എ.സി.ആർ സൂക്ഷിക്കുന്നില്ല.അഡ്വാൻസ് രജിസ്റ്റർ,ഡെപോസിറ്റ് രജിസ്ററർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 ൽ മൂന്നു തവണ യോഗം ചേർന്നിട്ടുണ്ട്.എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.അസറ്റ് രജിസ്ററർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല.പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലകസംവീധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

വിവിധ തലത്തിലുള്ള 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ മരാമത്ത് പ്രവൃത്തികൾ, ഐ സി ഡി എസ് സൂപ്പർവൈസറുടെ പദ്ധതികളുടെ ഒഴികെയുള്ള മോണിറ്ററിംഗ് സാക്ഷ്യപത്രം

ലഭ്യമാക്കിയിട്ടില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം യഥാവിധി നടത്തേണ്ടതും പദ്ധതി നിർവഹണകാലത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവഹണം പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-11 ആസ്തി പരിപാലനം

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/21.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ആസ്തി പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടതും നിശ്ചിത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്തതുമായ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഏത് സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാന ഭൂനികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. ഓഡിറ്റ് വർഷം ഭൂനികുതി ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.
4. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ഗ്രാമപഞ്ചായത്ത് പരിധിയിൽ പകൽവീടുകൾ /വൃദ്ധ സദനങ്ങൾക്ക് വേണ്ടി നിർമിച്ച എല്ലാ കെട്ടിടങ്ങളും നിശ്ചിത ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ?എന്ന വിവരം ലഭ്യമാക്കിയിട്ടില്ല

6. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കിയ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

7. വിവിധ വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളിൽ (ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ നിർമ്മിച്ചവ ഉൾപ്പെടെ) നിഷ്ക്രിയമായവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അപാകങ്ങൾ

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 21-22 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചിറക്കൽ കടലായി ശ്രീകൃഷ്ണ ക്ഷേത്രം (മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രം)

അലവിൽ നോർത്ത് എൽ.പി.സ്കൂൾ

2. ഗ്രാമ പഞ്ചായത്തുമായി 2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 19/25.01.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചിറക്കൽ കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും,അലവിൽ നോർത്ത് എൽ.പി.സ്കൂൾ ജീവനക്കാർക്ക് 2019 മുതൽ വേതനം ലഭിക്കുന്നില്ലെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമനം 2 പ്രകാരം പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനായി അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.മേൽ പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 2/277 | ഡിഷ്നെറ്റ് വയർലസ് ലിമിറ്റഡ് | 20739 | 2020 ഒന്നാം അർദ്ധവർഷം മുതൽ |
| 8/137A | ഡിഷ് നെറ്റ് വയർലസ്സ് ലിമിറ്റഡ് | 20374 | 2020 ഒന്നാം അർദ്ധവർഷം മുതൽ |

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/25.01.23)നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബഹു.ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി കണ്ണൂരിൽ കേസ്സ് ഫയൽ ചെയ്തിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയത്. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണയം- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല

എ) റോഡിന്റെ തെറ്റായ തരംതിരിവ് കാരണം വസ്തുനികുതി ഇനത്തിൽ നഷ്ടത്തിന് സാധ്യത

ഗ്രാമപഞ്ചായത്തിലെ 5മീറ്ററിൽ കൂടുതൽ വീതിയുള്ള പ്രധാന പി.ഡബ്ല്യു.ഡി റോഡായ പുതിയതെരു-കാട്ടാമ്പള്ളി റോഡ് 1.5 മീറ്ററിൽ കൂടുതൽ എന്ന തരത്തിൽ സഞ്ചയയിൽ തെറ്റായി ഉൾപ്പെടുത്തിയതു കാരണം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% നികുതി വർദ്ധനവ് വരാത്തതിനാൽ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാകുവാനിടയുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 8(2) പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് കാലാകാലങ്ങളിൽ 1ാം ഉപചട്ട പ്രകാരം ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കേണ്ടതാണ്. മേൽ അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/28.01.23) വസ്തുനികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന ഒരു കാലയളവിൽ ആ കാലയളവിലേക്ക് ബാധകമാക്കിക്കൊണ്ട് വഴി സൗകര്യത്തിന്റെ തരംതിരിവ് ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ നികുതി പുനർ നിർണ്ണയിക്കാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുമ്പോൾ തന്നെ ഗ്രാമപഞ്ചായത്തിലെ പ്രധാന പി.ഡബ്ല്യു.ഡി റോഡ് സഞ്ചയയിൽ തെറ്റായി ഉൾപ്പെടുത്തിയത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് വന്ന വീഴ്ചയാണ്. ഓഡിറ്റ് വേളയിൽ വസ്തുനികുതി അന്തിമവിജ്ഞാപനരേഖ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ അന്തിമവിജ്ഞാപനരേഖയിൽ റോഡിന്റെ തരംതിരിവ് നടത്തിയിരിക്കുന്നത് എങ്ങനെയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. അന്തിമവിജ്ഞാപനത്തിലേയും, സഞ്ചയയിലുമുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, മേൽ പരാമർശിച്ച റോഡ് പ്രവേശനമാർഗ്ഗമായി വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി വരുമാന ചോർച്ച ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല. 50003 രൂപ നഷ്ടം.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം അഞ്ചു മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയാണെങ്കിൽ 20% വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ സൈറ്റ് പ്ലാൻ പ്രകാരം പ്രവേശനമാർഗം രേഖപ്പെടുത്തിയിരിക്കുന്നത് 5 മീറ്ററിൽ കൂടുതലുള്ള പുതിയതെരു-കാട്ടാമ്പള്ളി പി.ഡബ്ല്യു.ഡി റോഡാണ്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും , റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മേൽ ചട്ടപ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

A. കെട്ടിട ഉടമസ്ഥൻ : ഷെരീഫ്.കെ.പി

ഉപയോഗക്രമം :വാണിജ്യാവശ്യത്തിനുള്ള 200 ച.മീ കൂടുതലുള്ള ഷോപ്പിംഗ് മാളുകൾ
കെട്ടിട നമ്പർ : 4/881A1, 4/881 A2, 4/881A3, 4/881 A4 ,4/881 A5, 4/881A6
വിസ്തീർണ്ണം : 2062.92 ച.മീ

| കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി വസ്തുനികുതി (@ ₹90/ച.മീ) (15% വർദ്ധനവ്)) + | (ഈടാക്കേണ്ട വസ്തുനികുതി (35% വർദ്ധനവ്=20% വഴി സൗകര്യം + 15% തറനിർമ്മിതി)) + 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ്ഉൾപ്പെടെ | | |
| 4/881 A1 | 426.3 | 47213 | 51795+2590+1036=55421 | 8208 |
| 4/881A2 | 251.54 | 27858 | 30562+1528+611--32701 | 4843 |
| 4/881A3 | 441 | 46399 | 51299.8+2565+1026=54891 | 8492 |
| 4/881A4 | 251.54 | 26466 | 29260.35+1463+585=31308.35 | 4842 |
| 4/881A5 | 441 | 43956 | 49017.6+2450.88+980=52448.48 | 8492 |
| 4/881A6 | 251.54 | 25073 | 27958.61+1398 +559=29915.61 | 4842 |
| | | | ആകെ | 39719 |

B. കെട്ടിട ഉടമസ്ഥൻ : പള്ളിപ്രത്ത് പുന്നക്കൽ മുജീബ് റഹമാൻ,പള്ളിപ്രത്ത് പുന്നക്കൽ ഹബീബ് റമാൻ, പള്ളിപ്രത്ത് പുന്നക്കൽ ഫൌസിയ, പള്ളിപ്രത്ത് പുന്നക്കൽ സാലിഹ, പള്ളിപ്രത്ത് പുന്നക്കൽ സാദിഖ ,പള്ളിപ്രത്ത് പുന്നക്കൽ സാബിറ, പള്ളിപ്രത്ത് പുന്നക്കൽ അബ്ദുൾ റഹമാൻ

ഉപയോഗക്രമം :വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ

കെട്ടിട നമ്പർ : 8/618A, 8/618B ,8/618 C, 8/618D ,8/618 E, 8/618 F,8/618 G, 8/618G , 8/ 618 H, 8/618I, 8/618 J, 8/618 K, 8/618 L, 8/618 M, 8/618 N, 8/618 O

വിസ്തീർണ്ണം : 937.46 ച.മീ നികുതി നിരക്ക് @₹70/ച.മീ.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി വസ്തുനികുതി (@ ₹50/ച.മീ) 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ്ഉൾപ്പെടെ | (ഈടാക്കേണ്ട വസ്തുനികുതി (20% വർധനവ് + 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|
| 8/618A | 64.57 | 4837 | 5424+271+108=5803 | 966 |
| 8/618B | 61.17 | 3274 | 3670.5+183+73=3926.5 | 652.5 |
| 8/618C | 60.77 | 3252 | 3646.2+182+73=3901.2 | 649.2 |
| 8/618D | 59.57 | 3188 | 3574.2+179+71=3824.2 | 636.2 |
| 8/618E | 76.21 | 3876 | 4382.05+219+88=4689.05 | 813 |
| 8/618F | 61.67 | 3136 | 3546+177.3+70.92=3794.22 | 658.2 |
| 8/618G | 60.97 | 3100 | 3505.75+175.28+70=3751.03 | 651.03 |
| 8/618H | 59.77 | 3039 | 3436.75+172+69=3677.75 | 638.75 |
| 8/618I | 76.12 | 3870 | 4376.9+218.8+88=4683.7 | 813.7 |
| 8/618J | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618K | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618L | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618M | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618N | 30.08 | 1530 | 1729.6+86.48+34.59=1850.67 | 320.67 |
| 8/618O | 30.08 | 1530 | 1729.6+86.48+34.59=1850.67 | 320.67 |
| | | | ആകെ | 10284 |

മേൽ അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/28.01.2023) നൽകിയ മറുപടിയിൽ പഞ്ചായത്ത് രാജ് വസ്തുനികുതിയും,സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം8(2) പ്രകാരം വഴി

സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് കാലാകാലങ്ങളിൽ 1ാം ഉപചട്ട പ്രകാരം ഗ്രാമപഞ്ചായത്ത് പുനർ നിർണ്ണയിക്കേണ്ടതാണ്. എന്നാൽ വസ്തുനികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന ഒരു കാലയളവിൽ ആ കാലയളവിലേക്ക് ബാധകമാക്കിക്കൊണ്ട് വഴി സൗകര്യത്തിന്റെ തരംതിരിവ് ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ നികുതി പുനർനിർണ്ണയിക്കാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. സഞ്ചയയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അപാകതകൾ -ഈടാക്കാൻ കുറവ് വന്ന തുക 6800 രൂപ ഈടാക്കേതാണ്

എ) ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ചില വാർഡുകളിലെ വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ,ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പ്രകാരം താരതമ്യം ചെയ്തതനുസരിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ്/പേര് | സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 2/മന്ന | 190 | 39 |
| 3/പട്ടുവത്തെരു | 389 | 110 |
| 6/ബാലൻ കിണർ | 141 | 26 |
| 7/കാട്ടാമ്പള്ളി | 215 | 39 |
| 11/കാഞ്ഞിരത്തറ | 53 | 7 |
| 13/പനങ്കാവ് | 101 | 14 |
| 15/പുതിയതെരു | 701 | 201 |

ബാക്കിയുള്ള കെട്ടിടങ്ങൾ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി ഉപയോഗിക്കുന്നില്ലെന്നും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് മറുപടി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/25.1.23) ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലെ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ബി) എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക 4000രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

31.10.2017 ലെ 80/2017 എൽ.എസ്.ജി.ഡി വിജ്ഞാപന പ്രകാരം ലൈസൻസ് ഫീസുകൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.08.02.2018 തീയതിയിൽ നടന്ന 09/36നമ്പർ ഭരണസമിതി തീരുമാന പ്രകാരം ചുമത്താവുന്ന പരമാവധി ഫീസ് നിരക്കുകൾ വിഞാപനം ചെയ്തിട്ടുണ്ട്.

മൈക്രോ എന്റർപ്രൈസസ്

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3ലക്ഷം മുതൽ 5 ലക്ഷം വരെ | 500 |

മിനി എന്റർപ്രൈസസ്

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|

| | |
|---|---|
| 5 ലക്ഷം വരെ | 200 |
| 5ലക്ഷം മുതൽ 10 ലക്ഷം വരെ | 400 |
| 10ലക്ഷത്തിന് മുകളിൽ 20 ലക്ഷം വരെ | 1000 |

മേൽ വിജ്ഞാപന പ്രകാരം സ്മോൾ,മീഡിയം,ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. ഗവ. ഉത്തരവു പ്രകാരം സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 5000,10000,15000 എന്നിങ്ങനെയാണ്.

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ സംരംഭം | മൂലധന നിക്ഷേപം അപേക്ഷ പ്രകാരം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കാൻ കുറവ് വന്ന ഫീസ് |
|---|---|---|---|---|---|---|
| 197 | ടോം മാത്യൂ | ഏഷ്യൻ പോളിമേഴ്സ് | 60 ലക്ഷം | 1000 | 5000 | 4000 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/25.01.2023) കുറവ് വന്ന തുക ₹4000/- അടവാക്കാനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി). മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക 2800 രൂപ ഈടാക്കേണ്ടതാണ്.
2021-22സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം/കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 196 | മാനേജിംഗ് ഡയറക്ടർ ബോണ്ട് വെൽ റസീൻസ് | 5/665 സിന്തെറ്റിക് റസീൻ | 137HP | 2000 |
| 197 | ടോം മാത്യൂ | 5/667 സിന്തെറ്റിക് റസീൻ | 28HP | 300 |
| 832 | ബി.പി.അബ്ദുൾ ഗഫൂർ | 23/686 യൂണിവേഴ്സൽ പ്ലൈവുഡ് | 47HP | 500 |
| | | | ആകെ തുക | 2800 |

ഇത് സംബന്ധിച്ച് 20/25.1.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി തൃപ്തികരമല്ല. കുറവ് വന്ന തുക 6800രൂപ (4000+2800) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ക്ഷേമ പെൻഷൻ വിതരണം-അപാകതകൾ

എ - പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചു .
ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2021-22 വർഷം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു .

| പെൻഷണറുടെ പേര് | ആധാർ നം | പെൻഷണർ ഐഡി | മരണം നടന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| ജയചന്ദ്രൻ എം | 939689863202 | 11310203811 | 18.01.22 | സ്റ്റാറ്റസ്-ആക്ടീവ് നവംബർ22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| രുഗ്മിണി.പി | 680111064007 | 102180202072 | 06.01.22 | കണ്ണൂർ -ആന്തൂർമുനിസിപ്പാലിറ്റി സ്റ്റാറ്റസ്-ആക്ടീവ് നവംബർ22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനും പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/30-12-2022) മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്ത് മരണശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പെൻഷൻ തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും തുക അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആയത് തിരികെ ഈടാക്കുന്നതിനും പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ മുഴുവൻ വിവരവും പരിശോധിച്ച് , മരണശേഷം പെൻഷൻ അനുവദിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും അധികം നല്കിയ തുക ഡി ബി ടി അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി) സർവ്വീസ് ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചത് .

സർവ്വീസ് ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 27 പേർ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയിട്ടുണ്ടെന്നും, അനർഹമായി കൈപ്പറ്റിയ തുക തിരികെ അടവാക്കാനായി മുഴുവൻ ഗുണഭോക്താക്കൾക്കും രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, ആയത് പ്രകാരം 4 ഗുണഭോക്താക്കൾ അധികമായി കൈപ്പറ്റിയ തുക തിരികെ അടവാക്കിയിട്ടുണ്ടെന്നും, ഒരു ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിലേക്ക് തുക അടവാക്കിയിട്ടുണ്ടെന്നും, ആയത് സർക്കാരിലേക്ക് തിരികെ അടവാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള തുക ഈടാക്കി അടവുവിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക തിരികെ ഈടാക്കേണ്ടതാണ്

28/9/2013 ലെ GO(MS)No.318/2013 /LSGDപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ആയതു പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്ത് നടത്തിയ ഇ-ടെണ്ടർ പ്രവൃത്തികൾ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൊണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾനാളിതുവരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/21-1-23ന് മറുപടിയായി 2018-2019മുതൽ 2021-22വരെ ടെണ്ടർ ഫോറം വില ഇനത്തിൽ 1448751/- രൂപ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയരുടെ ഇ-ടെണ്ടർ ഫീ അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2018-19 | 127344 |
| 2019-20 | 42415 |
| 2020-21 | 1131004 |
| 2021-22 | 147988 |

| | |
|---|---|
| ആകെ തുക | 1448751 |

പഞ്ചായത്തിന ലഭിക്കുവാനുള്ള തുക 1448751 രൂപ എത്രയും വേഗം ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ഉപകരണങ്ങൾ ലഭിച്ചിട്ടില്ല-₹23305 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | SO -219/22, കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹23502 മെയ്ന്റനൻസ് ഗ്രാന്റ് – നോൺ റോഡ് |
| ചെലവ് | ₹23305 ബിൽ നമ്പർ/തീയതി : 2119015201610133 4394/15-03-2022 |

കൃഷി ഭവനിലേക്ക് യു.പി.എസ് വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയ്സ് നമ്പർ 3230/20-03-2022 പ്രകാരം ഐ.ടി മിഷന് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ യു.പി.എസ് ലഭിച്ചതിന്റെ ഇൻവോയ്സ് ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.06/23-01-2023) ലഭ്യമാക്കിയ മറുപടിയിൽ പ്രഫോമ ഇൻവോയ്സ് ജനറേറ്റ് ചെയ്യുന്ന സമയത്ത് വെബ്സൈറ്റിൽ യു.പി.എസ് ലഭ്യമായിരുന്നുവെന്നും തുക നൽകിയതിന് ശേഷം വർക്ക് ഓർഡർ നൽകാൻ സാധിക്കാതെ വരികയും തുടർന്ന് ഹെൽപ് ഡെസ്ക് മുഖാന്തിരം അന്വേഷിച്ചപ്പോൾ യു.പി.എസ് ലഭ്യമല്ല എന്ന് കെൽട്രോണിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയത്. യു.പി.എസ് ലഭ്യമല്ലാത്തതിനാൽ ചെലവ് തുക റീഫണ്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. യു.പി.എസ് ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹23305 തടസ്സപ്പെടുത്തുന്നു. ഉപകരണം ലഭ്യമാക്കിയതിന്റെ വിവരമോ അല്ലെങ്കിൽ തുക തിരികെ അടവാക്കിയതിന്റെ വിവരമോ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 സമഗ്ര ആരോഗ്യ പരിപാടി - അപാകങ്ങൾ-₹39150 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം. / പേര് | 93/2022 സമഗ്ര ആരോഗ്യ പരിപാടി |
| അടങ്കൽ | ₹100000(തനത് ഫണ്ട്) |
| ചെലവ് | ₹72750(തനത് ഫണ്ട്) |

രോഗ പ്രതിരോധ പ്രവർത്തനങ്ങളും മറ്റ് പൊതുജനാരോഗ്യ പരിപാടികളും സുഗമമായി നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ഇതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക ₹ | ബിൽ നമ്പർ/തീയതി | തുക ചെലവഴിച്ചതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 14250 | 5113100401210002/ 26-05-2021 | 7500 രൂപ രോഗ പ്രതിരോധ കുത്തിവെപ്പിന് വാഹനം ഓടിയ വകയിൽ കെ.ടി രാജീവ് എന്നയാൾക്ക് നൽകിയതിന്റെ രേഖയുണ്ട്. | 6750 രൂപ ചെലവഴിച്ചതിന്റെ വിവരം ലഭ്യമല്ല |
| 2 | 12000 | 5113100401210010/ 17-07-2021 | ഡി & ഒ പരിശോധന നടത്തുന്നതിനായി വാഹനം ഓടിയതിന് ചെലവഴിച്ച തുക | 12000 തടസ്സം |
| 3 | 10500 | 5113100401210023/ 29-09-2021 | 6000 രൂപരോഗ പ്രതിരോധ കുത്തിവെപ്പിനും 4500 രൂപ ഡി & ഒ പരിശോധന നടത്തുന്നതിനായി വാഹനം ഓടിയതിനും ചെലവഴിച്ച തുക | 4500 തടസ്സം |

| | | | | |
|---|---|---|---|---|
| 4 | 12000 | 5113100401210034/ 11-11-2021 | 6000 രൂപരോഗ പ്രതിരോധ കുത്തിവെപ്പിനും 6000 രൂപ ഡി & ഒ പരിശോധന നടത്തുന്നതിനായി വാഹനം ഓടിയതിനും ചെലവഴിച്ച തുക | 6000 തടസ്സം |
| 5 | 7500 | 5113100401210044/ 06-01-2022 | രോഗ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിനായി വാഹനം ഓടിയതിന് ചെലവഴിച്ച തുക | - |
| 6 | 6600 | 5113100401210052/ 16-02-2022 | രോഗ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിനായി വാഹനം ഓടിയതിന് ചെലവഴിച്ച തുക | - |
| 7 | 9900 | ബില്ല് ഹാജരാക്കിയിട്ടില്ല | ബില്ല് ഹാജരാക്കിയിട്ടില്ല | 9900 തടസ്സം |

ഡി & ഒ പരിശോധന നടത്തൽ പോലെയുള്ള ദൈനംദിന ജോലികൾ നിർവ്വഹിക്കുന്നതിന് ഇത്തരത്തിൽ വാടകയിനത്തിൽ ₹22500 രൂപ അനുവദിച്ചതിന്റെ അടിസ്ഥാനം എന്താണെന്നത് വ്യക്തമല്ല. 9900 രൂപയുടെ ബില്ല് , അനുബന്ധ രേഖകൾ, 6750 രൂപ ചെലവഴിച്ചതിന്റെ അനുബന്ധ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകങ്ങൾക്ക് മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.33/27-01-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹39150 (22500+9900+6750) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യക്തമായ മറുപടി/രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി(ജനറൽ) -രേഖകൾ ഹാജരാക്കിയില്ല ₹400000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ചിറക്കൽ |
| പ്രോജക്റ്റ് നമ്പർ/ പേര് | 15/22 ലൈഫ് ഭവനപദ്ധതി(ജനറൽ) |
| അടങ്കൽ | ₹2123000 വികസന ഫണ്ട് – ജനറൽ<br>₹327000 തനത് ഫണ്ട്<br>₹1375000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1375000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹5200000 |
| ചെലവ്/ ബിൽ നം./തീയതി<br><br>ആകെ ചെലവ് | ₹240000 324/19-03-2022<br>₹360000 400/30-03-2022<br>₹600000 |

ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭൂമിയുള്ളവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുമാണ് മേൽ തുക ചെലവഴിച്ചത്.

ഭൂമി വാങ്ങുന്നതിനായി താഴെ പറയും പ്രകാരം 2 ഗുണഭോക്തക്കൾക്ക് ₹ 200000 അനുവദിച്ചിട്ടുണ്ട്.

| ഭൂമി വിറ്റയാൾ | വാങ്ങിയ ആൾ |
|---|---|
| ശ്രീധരൻ എം.വി | ദീപക് .വി.കെ |
| രാജീവൻ.പി | വി.പ്രസന്നകുമാരി |

മുകളിൽ കൊടുത്ത പ്രകാരം ഭൂമി വാങ്ങിയ ഗുണഭോക്താക്കളുടെ വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് കൈമാറിയതിന്റെയും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.36/27-01-2023) ലഭ്യമാക്കിയ മറുപടിയിൽ ദീപക് .വി.കെ എന്നയാൾ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിലും വി.പ്രസന്നകുമാരി എന്നവർ മലപ്പട്ടം ഗ്രാമ പഞ്ചായത്തിലുമാണ് സ്ഥലം വാങ്ങിയതെന്നും ഗുണഭോക്താക്കളെ അവിടത്തേക്ക് എം.ഐ.എസ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ മേൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകൾ ലൈഫ് പദ്ധതി ഗുണഭോക്താക്കളായി അംഗീകരിച്ചതിന്റെ രേഖകളോ ഭവന നിർമ്മാണം ആരംഭിച്ചതിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹400000 തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ - തുക ₹50143/- തടസപ്പെടുത്തുന്നു.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 222/22 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി പട്ടുതാക്കളം (സ്പിൽ ഓവർ) |
| അടങ്കൽ<br>ആകെ | ₹30750 സംസ്ഥാനാവിഷ്കൃതം<br>₹1307 തനത് ഫണ്ട്<br>₹30750 ജില്ലാപഞ്ചായത്ത് വിഹിതം<br>₹1308 മറ്റുള്ളവ<br>₹64115 |
| ചെലവ് തുക | ₹29442 ജില്ലാപഞ്ചായത്ത് വിഹിതം |

രാജേഷ്.എം.കെ എന്നയാൾക്ക് നൽകുന്നതിനാണ് തുക ചെലവഴിച്ചത്.പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

1. പ്രോജക്ട് ഫോറം ലഭ്യമല്ല.

2.സംരംഭത്തിന്റെ നിലവിലെ സ്ഥിതിവിവരം , മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

ബി.)

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 221/22 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (പട്ടുതാക്കളം)(സ്പിൽഓവർ) |
| അടങ്കൽ<br>ആകെ | ₹32800 സംസ്ഥാനാവിഷ്കൃതം<br>₹32800 തനത് ഫണ്ട്<br>₹32800 ജില്ലാപഞ്ചായത്ത് വിഹിതം<br>₹147600 മറ്റുള്ളവ<br>₹246000 |
| ചെലവ് തുക<br>ആകെ | ₹32044 തനത് ഫണ്ട്<br>₹32043ജില്ലാപഞ്ചായത്ത് വിഹിതം<br>21190152036800998285/24-01-2022<br>₹64087 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ശ്രീ സദാനന്ദൻ എന്ന ഗുണഭോക്താവിന് ₹16133, ശ്രീ പി.ബാബു എന്ന ഗുണഭോക്താവിന് ₹15910 എന്നിങ്ങനെ നൽകുന്നതിനാണ് ₹32043 ചെലവഴിച്ചത്. ₹32044 യുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക നൽകിയത് ആർക്കെന്ന് വ്യക്തമല്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ₹32044 തടസ്സപ്പെടുത്തുന്നു

2. പ്രോജക്ട് ഫോറം ലഭ്യമല്ല.

3. സംരംഭത്തിന്റെ നിലവിലെ സ്ഥിതിവിവരം , മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ലഭ്യമല്ല.
ചെലവ് തുക ₹32044 തടസ്സപ്പെടുത്തുന്നു.

സി.)

| പ്രോജക്ട് നമ്പർ/പേര് | 49/22 ബയോഫ്ലോക് മത്സ്യകൃഷി |
|---|---|
| അടങ്കൽ<br>ആകെ | ₹18400 സംസ്ഥാനാവിഷ്കൃതം<br>₹18400 വികസന ഫണ്ട്,ജനറൽ<br>₹18400 ജില്ലാപഞ്ചായത്ത് വിഹിതം<br>₹82800 മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം)<br>₹138000 |
| ചെലവ്<br>ആകെ ചെലവ് | ₹81447(ഗുണഭോക്തൃ വിഹിതം)<br>₹18099<br>2119015203680128195O/07-03-2022<br>₹18100<br>21190152036801228416/01-03-2022<br>₹18099<br>₹135745 |

പ്രൊജക്ട് നടത്തിപ്പിനായി എഡ്വിൻ ഫെർണാണ്ടസ് എന്നയാൾക്ക് ₹36199 നൽകിയതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. സുലേഖ ചെലവ് പത്രിക പ്രകാരം ₹18099യുടെ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ സംരംഭത്തിന്റെ നിലവിലെ സ്ഥിതിവിവരം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട്, പ്രോജക്ട് ഫോറം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക ₹18099/- തടസ്സപ്പെടുത്തുന്നു.

മുകളിൽ പറഞ്ഞ അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/23-01-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഉപഖണ്ഡിക എ,ബി. പ്രകാരമുള്ള ആകെ തുക ₹ 50143 (32044 +18099)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 3/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹156250 വികസന ഫണ്ട് – ജനറൽ<br>₹156250 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹312500 മറ്റുള്ളവ<br>ആകെ : ₹625000 |
| ചെലവ് | ₹156250 വികസന ഫണ്ട് – ജനറൽ<br>ബിൽ നമ്പർ / തിയ്യതി : 21190152O1300844348/27-12-2021 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹156250 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് ചെലവഴിച്ചത്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/23-01-2023) ലഭ്യമാക്കിയ മറുപടിയിൽ 82064 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. 74186 രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ട്. മുഴുവൻ തുകയുടെയും വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-23 കുന്നുംകൈ ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം |
|---|---|

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 281/22 കുന്നംകൈ ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ചെലവ് | ₹200000 21190152028601243646/04-03-2022 |

കുന്നംകൈ ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയിസ് പി.എഫ് 1450/06-02-2022 പ്രകാരം ഹോംകോം,ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹200000 നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/21-01-2023) മരുന്ന് ഇതു വരെ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മരുന്നിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-24 തെരുവ് വിളക്കുകൾക്കുള്ള വൈദ്യുത ചാർജ്ജ്- കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2021-22 വർഷം തെരുവ് വിളക്കുകൾക്കുള്ള വൈദ്യുത ചാർജ്ജായി കെ എസ് ഇ ബി യിൽ നിന്നുള്ള 62290watt കണക്ടഡ് ലോഡ് ഉൾപ്പെടുത്തിയിട്ടുള്ള ഇൻവോയിസ്സിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ₹1,37,315 കെ എസ് ഇ ബി ക്ക് അനുവദിച്ചിട്ടുണ്ട്. വൈദ്യുത ചാർജ്ജായി ഒടുക്കിയ തുക പഞ്ചായത്ത് പരിധിയിലുള്ള ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഏതിനം വിളക്കുകൾക്ക് ഉള്ളവയാണെന്ന് വ്യക്തമാക്കുന്ന തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഗ്രാമ പഞ്ചായത്ത് കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട്, കെ എസ് ഇ ബി തെരുവ് വിളക്കുകൾക്കുള്ള ചാർജ്ജ് നിർണ്ണയം നടത്തിയതിന്റെ രേഖ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (37/27.01.23)നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കുള്ള ചാർജ്ജിനത്തിൽ ഒടുക്കി വരുന്ന തുക നിലവിൽ പ്രവർത്തിച്ച വരുന്ന വിളക്കുകൾക്കുള്ളവയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-25 വിവിധ പ്രവൃത്തികൾക്ക് കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് നൽകൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പ്രോജ്കട് നമ്പർ പേര് | 199/22 വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 197/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹500000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | ₹500000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക-ബിൽ നം/തിയ്യതി | ₹463193<br>313515/1169/17.03.22<br>149678/1241/25.03.22 | ₹302124<br>231814/1170/17.03.22.<br>70310/1171/17.03.22 |

മേൽ പരാമർശിച്ച പ്രൊജക്ടുകൾക്ക് കെ.എസ്.ഇ.ബി ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം വിവിധ സെക്ഷനുകൾക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം | തുക കൈപ്പറ്റിയ KSEB സെക്ഷൻ | ഒടുക്കിയ തുക | |
|---|---|---|---|
| | | 199/22 വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 197/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ |
| 1 | അഴീക്കോട് | 20317+26547=46864 | 218339 |
| 2 | പള്ളിക്കുന്ന് | 110275 UC ലഭിച്ചിട്ടുണ്ട് (09.01.23) | 70310 (09.01.23 ന് Uc ലഭിച്ചിട്ടുണ്ട്) |
| 3 | വളപട്ടണം | 16983+139393+149678= | 13475 |

| | | | |
|---|---|---|---|
| | | 306054 [UC ലഭിച്ചിട്ടുണ്ട് (ജനുവരി/23)] | |
| | ആകെ | 463193 | 302124 |

കെ എസ് ഇ ബി യുമായി പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഒക്ടോബർ 2022 ൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ തുക കൈമാറിയെങ്കിലും നാളിതുവരെ പള്ളിക്കുന്ന് സെക്ഷനിൽ നിന്ന് മാത്രമാണ് മുഴുവൻ പ്രവൃത്തികളും നടപ്പിലാക്കി വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടുള്ളത്. മറ്റുള്ള സെക്ഷനിൽ നിന്നുള്ള വിനിയോഗസാക്ഷ്യ പത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പ്രവൃത്തി പൂർത്തീകരിച്ച സ്ഥലങ്ങളിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച നടപടികളുടെ വിവരം ഹാജരാക്കേണ്ടതാണ്.

## 1-26 ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചത് – സർക്കാർ നിർദ്ദേശം പാലിച്ചില്ല.

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളുവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021 /ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച നിരോധനം 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് , ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | സനിൽ കുമാർ, ജെ എസ് | 22100178/01.06.21 | 61272 |
| 2 | വിജീഷ് പി, എ എസ് | | 57198 |
| 3 | ജിപ്സൺ. കെ, അക്കൗണ്ടന്റ് | | 55914 |
| 4 | നിഷ പി കെ സീനിയർ ക്ലാർക്ക് | | 46391 |
| 5 | മിഥുൻ ലാൽ, സീനിയർ ക്ലാർക്ക് | | 44251 |
| 6 | രൂപേഷ് ഇ വി, സീനിയർ ക്ലാർക്ക് | | 43181 |
| 7 | സുനിത പി, സീനിയർ ക്ലാർക്ക് | | 43181 |
| 8 | ശ്രീജിത്ത് കെ, ക്ലാർക്ക് | | 45325 |
| 9 | ശോഭന എ എൻ,ക്ലാർക്ക് | | 38779 |
| 10 | സിനി മണിയത്ത്,ക്ലാർക്ക് | | 34701 |
| 11 | രജിത ഈച്ച, ക്ലാർക്ക് | | 33215 |
| 12 | നബീസ ഇ കെ, ക്ലാർക്ക് | | 33215 |
| 13 | അമ്പിളി എ ആർ, ക്ലാർക്ക് | | 31503 |
| 14 | ഷംന പി, ക്ലാർക്ക് | | 30754 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശമുണ്ട്. ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അനുവദിച്ച വിഷയത്തിൽ സർക്കാരിന്റെ തുടർ ഉത്തരവുകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ ചെലവ് തുകയ്ക്ക് വ്യക്തത വരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 223/22 മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 2349143(തനത് ഫണ്ട്) |
| ചെലവ് തുക/ബിൽ നം/തിയ്യതി | 2349143/191/25.01.22(ACR പ്രകാരം) |

മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി 15-ാം വാർഡിലെ ശ്രീ. സി.എച്ച് മൊയ്തീൻ കുഞ്ഞ് എന്ന വ്യക്തിയുടെ പേരിലുള്ള റി.സ. 105/4 ൽ 20 സെന്റ് (0.0809 ഹെക്ടർ) സ്ഥലം വാങ്ങുന്നതിനായി സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി എന്നവരുടെ എസ് ടി എസ് ബി അക്കൗണ്ടിലേക്ക് ചുവടെ പറയും പ്രകാരം തുക (ആകെ ₹1,08,97,470) അനുവദിച്ച് നൽകുകയും സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി-യുടെ 27.04.22 ലെ എം 3030/19 നടപടി ക്രമം പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ചെലവഴിച്ചതിന് ശേഷം ബാക്കി വന്ന തുക ₹ 2305096 സെക്രട്ടറിക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

| ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|
| 5624089/4-2-20 | ₹100000 |
| 20190152014300960025/18-01-2021 | ₹1948327 |
| 2019015201431759936/26-03-2021 | ₹2716673 |
| 22062136202021/31-3-21 | ₹3783327 |
| 19168664202122/18-12-2021 | ₹2349143 |
| ആകെ | ₹10897470 |

സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി യുടെ 16.11.21 തീയതിയിലെ എം 3030/19 കത്ത് പ്രകാരം പ്ലാന്റ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഡി വി എസ് കണ്ണൂർ ജില്ലാ കലക്ടർ (13.10.21 ലെ ഡി സി കെ എൻ ആർ 4697/2018/സി1 പ്രകാരം) ₹7280961.16 ക്ക് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതായി പരാമർശിക്കുകയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും അത് വരെ അനുവദിച്ച് നൽകിയ ₹58,31,654 യിൽ നിന്നും ₹195677 ചെലവഴിച്ച കഴിഞ്ഞതാണെന്നും (ഏതിനത്തിൽ ചെലവഴിച്ചതാണെന്ന് വ്യക്തമല്ല) ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ബാലൻസ് തുക യഥാസമയം ഒടുക്കാത്തതിനാൽ ഡി വി എസ് തുകയുടെ കൂടെ ഭൂവിലയുടെ 12 % വർദ്ധനവും(31.12.2021 വരെയുള്ള വർദ്ധനവ്) ചേർത്ത് ആകെ ₹7985119.87 നഷ്ടപരിഹാരതുക ആവശ്യമായി വന്നിരിക്കുകയാണെന്നും ആയതിനാൽ ബാക്കി (7985119.87-5635977)₹2349143 തുക ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതിനനുസരിച്ച് പ്രസ്തുത തുക 18.12.21 ന് സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരിക്ക് അനുവദിച്ചിട്ടുണ്ട് (സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി യുടെ 16.12.21 തീയതിയിലെ എം 3030/19 കത്ത് പ്രകാരം ഭൂമിഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരതുക ആകെ ₹8016040 യായി നിജപ്പെടുത്തിയതായി ഗ്രാമ പഞ്ചായത്തിന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്) .2019-20, 2020 -21 സാമ്പത്തിക വർഷങ്ങളിലായി തന്നെ മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം ₹8548327 സ്ഥലം ഏറ്റെടുക്കുന്നതിനായി സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി എന്നിവർക്ക് അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെ വീണ്ടും തൻ വർഷം പ്രൊജക്ട് പ്രകാരം ₹2349143 നല്കുകയാണ് ഉണ്ടായത് .

പഞ്ചായത്തിലെ കണക്കുകൾ പ്രകാരം നഷ്ടപരിഹാരതുകയായി ആവശ്യം വരുന്നതിനെക്കാൾ കൂടുതൽ തുക (₹8548327) യഥാസമയം അനുവദിച്ചിട്ടും ആയത് പൂർണ്ണമായും പരിഗണിക്കാതെ സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി നല്കിയ കണക്കുകൾ പ്രകാരം വീണ്ടും ₹23,49,143 അനുവദിച്ചതിന്റെ കാരണം,ഭൂമി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാര തുകയിൽ വർദ്ധനവ് (സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി എന്നിവർ അറിയിച്ച വർദ്ധനവിന്റെ വിവരം 16.11.21->7985119.87 , 16.12.21 ->₹8016040 , 27.04.22 ->₹8195923) വരാനുണ്ടായ കാരണം, സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായതിന് ശേഷം ലഭ്യമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം /സ്ഥലത്തിന്റ ഉടമസ്ഥാവകാശം സെക്രട്ടറിക്ക് ലഭ്യമായതിന്റെ രജിസ്ട്രേഷൻ രേഖകൾ എന്നിവ ലഭ്യമാകുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/25.01.23) മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസം വരുന്നത് ഒഴിവാക്കുന്നതിനാണ് അടിയന്തിരമായി പ്രസ്തുത തുക(₹23,49,143) അനുവദിച്ചതെന്നും ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടിക്രമമെന്നോണം സ്ഥലം അവാർഡ് ചെയ്യുമ്പോൾ തുക എത്ര വരുമെന്ന് മുൻകൂട്ടി കണക്കാക്കാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട വകുപ്പിൽ നിന്നും അറിയാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷൽ തഹസിൽദാർ (എൽ എ) തലശ്ശേരി എന്നിവരുടെ നിർദ്ദേശാനുസരണമുള്ള വർദ്ധനവിനനുസൃതമായി തുകകൾ അനുവദിച്ച് നൽകിയതെന്നും പ്രസ്തുത സ്ഥലത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഭൂനികുതി ₹45 ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ പേരിൽ KL 13020506793/2022 പ്രകാരം ഒടുക്കിയിട്ടുണ്ടെന്നും ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതിനായി 03-02-2022 തീയതിയിൽ ചിറക്കൽ വില്ലേജ് ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള മാലിന്യ പ്ലാന്റിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മുൻകൂറായി നൽകിയ തുക ഏത് രീതിയിൽ വിനിയോഗിച്ചാണ് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്, ഗ്രാമ പഞ്ചായത്തിൽ നിന്നും അധികമായി നൽകിയ തുക തിരികെ ലഭിക്കുന്നതിന് മുമ്പായി ഏത് രീതിയിലാണ് തുക ക്രമീകരിച്ചത് എന്ന്

വ്യക്തമാക്കുന്ന തലശ്ശേരി സ്പെഷൽ തഹസിൽദാർ(എൽ എ) ൽ നിന്നും ലഭിച്ച വിശദമായ വിനിയോഗ വിവരം, ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ആകെ ചെലവ് തുകയുടെ കൃത്യത ഉറപ്പുവരുത്തിയതിന്റെ രേഖകൾ, സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായതിന് ശേഷം വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾക്ക് വ്യക്തത വരുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-28 ഐ കെ എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 05/22 ഐ കെ എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹100000(വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | ₹100000/17/18.10.21 |

ഐ കെ എം ന് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിന്റെ 0.25 ശതമാനം തുക പ്രവർത്തനഫണ്ടായി ഐ കെ എം ന് നൽകണമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് ₹100000 മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-29 സമഗ്ര ശിക്ഷ കേരളം-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 81/22 സമഗ്ര ശിക്ഷാ കേരളം |
| അടങ്കൽ | ₹10,00,000വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | ₹5,00,000/01/17.09.21<br>₹ 5,00,000/02/30.10.21 |

സ.ഉ. 22/2018/തസ്വഭവ/14.02.2018 ഖ 7.6.3 പ്രകാരം എസ് എസ് കെ യുടെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 വർഷം എസ് എസ് കെ യുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ ആവശ്യമായ പ്രവർത്തനങ്ങളെ കുറിച്ച് പഞ്ചായത്ത് വികസന സമിതിയിൽ ചർച്ച ചെയ്ത് അനുമതി നേടിയതിന് ശേഷം പദ്ധതിയുടെ കരട് എസ് എസ് കെ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് സമർപ്പിച്ച് ലഭ്യമാക്കിയ വാർഷിക പ്ലാനും ബജറ്റും അനുസരിച്ച് തുക എസ് എസ് കെ -ക്ക് കൈമാറുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടാണ്. തുക കൈമാറിയതിന് ശേഷം പ്രവൃത്തികൾ ബന്ധപ്പെട്ട വികസന സമിതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മേൽ പരാമർശിച്ച പ്രകാരം ₹10,00,000 പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ടിൽ പരാമർശിച്ച പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർക്ക് സമർപ്പിച്ച പദ്ധതിയുടെ കരട് റിപ്പോർട്ടും ആയതിന് അനുസരിച്ച് ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമായ പ്ലാനും ബജറ്റും ഹാജരാക്കേണ്ടതാണ്. പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ ഏതെല്ലാം രീതിയിൽഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ, പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരണ പത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/25.01.2023) മറുപടി ലഭിച്ചിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-30 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത്- രേഖകൾ ഹാജരാക്കിയില്ല. ₹1148087 തടസ്സപ്പെടുത്തുന്നു

| വൗച്ചർ നമ്പർ /തീയതി | തുക |
|---|---|
| 22100305/14.07.2021 | ₹10,55,091 |
| 22100306/14.07.2021 | ₹92996 |

മേൽ പരാമർശിച്ച വൗച്ചറുകൾ പ്രകാരം ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01.01.2019 മുതൽ 31.07.2020 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. ക്ഷാമബത്ത അനുവദിച്ച ജീവനക്കാരുടെ കുടിശ്ശിക കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ്, ചിറക്കൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവിലെ ക്ഷാമബത്ത കുടിശിശ്ശിക അനുവദിക്കുന്നതിന് മുമ്പായി ജീവനക്കാർ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹1148087 തടസ്സപ്പെടുത്തുന്നു . വിശദവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ തീയതി തുക 22100305/14.07.2021 ₹10,55,091 | | |
|---|---|---|
| ക്രമ നം | ജീവനക്കാരന്റെ പേര് | അനുവദിച്ച തുക |
| 1 | സനിൽ കുമാർ, ജൂനിയർ സൂപ്രണ്ട് | 109255 |
| 2 | വിജീഷ് പി,അസിസ്റ്റന്റ് സെക്രട്ടറി | 96780 |
| 3 | ശ്രീജിത്ത്, കെ ,ക്ലാർക്ക് | 71860 |
| 4 | ജിപ്സൻ കെ അക്കൗണ്ടന്റ് | 98751 |
| 5 | കമല ഇ പി പാർട് ടൈം ലൈബ്രേറിയൻ | 39526 |
| 6 | കെ ഐ കൃഷ്ണൻ പി ടി എസ് | 37033 |
| 7 | അഷ്റഫ് കരിമ്പനക്കൽ പിടി എസ് II | 49865 |
| 8 | മിഥുൻലാൽ കെ സീനിയർ ക്ലാർക്ക് | 76883 |
| 9 | രൂപേഷ് ഇ വി, സീനിയർ ക്ലാർക്ക് | 74540 |
| 10 | സുനിത പി, സീനിയർ ക്ലാർക്ക് | 66442 |
| 11 | നിഷ പി കെ സീനിയർ ക്ലാർക്ക് | 78809 |
| 12 | നബീസ എ കെ ക്ലാർക്ക് | 14400 |
| 13 | സിനി മാനിയാത്ത് ക്ലാർക്ക് | 50935 |
| 14 | ഷംന പി ക്ലാർക്ക് | 48789 |
| 15 | രജിത ഈച്ച ക്ലാർക്ക് | 51397 |
| 16 | അമ്പിളി എ ആർ ക്ലാർക്ക് | 49281 |
| 17 | ബവിത്ത് ലാൽ കെ ടി ഓഫീസ് അറ്റന്റന്റ് | 40545 |
| 2) | വൗച്ചർ നമ്പർ തീയതി തുക 22100306/14.07.2021 ₹92996 | |
| 1 | പ്രജോഷ് വി പി എഫ് ടി എസ് | 51490 |
| 2 | ശോഭന എ എൻ ക്ലാർക്ക് | 41506 |
| | ആകെ തുക | 114807 |

സർക്കാർ നിരദേശങ്ങൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ കാലാവധി ദീർഘിപ്പിച്ചു.ദീർഘിപ്പിച്ച കാലയളവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - നിയമപ്രകാരമുള്ള പിഴ തുക ഈടാക്കേണ്ടതാണ്.

കോവിഡ് വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (സാധാരണ)നം. 1444/2021/തസ്വഭവ തീയതി 31-7-21 പ്രകാരം നിർമാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ ആറുമാസം ദീർഘിപ്പിച്ച് നൽകുവാനായി അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം എഗ്രിമെന്റ് നമ്പർ 26 മുതൽ 62 വരെയുള്ള പ്രവൃത്തികൾ 2021 നവംബർ 30 നകം പൂർത്തീകരിച്ചാൽ മതിയെന്ന് 4-6-21 ലെ ഭരണ സമിതി പ്രത്യേക യോഗം തീരുമാനം നമ്പർ 97 ൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനം കാരണം മഴ ഉണ്ടായതിനാൽ പ്രവൃത്തി ദീർഘിപ്പിച്ച കാലയളവിലും പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ വീണ്ടും പൂർത്തീകരണ കാലാവധി ജനുവരി 30 വരെ ദീർഘിപ്പിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തതിന്റെ (24-12-21 ലെ ഡി1/എ.ഇ/സി കെ എൽ/21-22 കത്ത്) അടിസ്ഥാനത്തിൽ 28-12-2021ലെ സാധാരണ യോഗത്തിൽ തീരുമാനം നമ്പർ 273(4) പ്രകാരം വീണ്ടും പിഴ കൂടാതെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട് .

കോവിഡ് വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പൂർത്തീകരണ കാലാവധി പിഴ കൂടാതെ ആറുമാസം

ദീർഘിപ്പിച്ച നൽകുവാനായി സർക്കാർ ഉത്തരവ് നിലവിലിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി അനിയന്ത്രിതമായി പൂർത്തീകരണ കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ച നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യക ശ്രദ്ധയിൽ പെടുത്തുന്നു. നിലവിലുള്ള സർക്കാർ ഉത്തരവിന്റേയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ഭരണസമിതിയ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നത്. ഭരണസമിതി പിഴ കൂടാതെ രണ്ടാമതും ദീർഘിപ്പിച്ച തീയതിക്കുള്ളിലും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് നിയമപ്രകാരമുള്ള പിഴ തുക ഈടാക്കേണ്ടതാണ്.

എ)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 161/22 നിമിഷ സ്റ്റോർ കുന്നാവ് റോഡ് ടാറിംഗ് |
| അടങ്കൽ തുക, ഫണ്ടിനം | 332000 തനതു ഫണ്ട് |
| പി എ സി തുക | 293968 |
| ബിൽ നംപർ,തീയതി,ചെലവ് തുക | 364/25-3-22 282709 |
| കരാറുകാരന്റെ പേര് | മഹേന്ദ്രൻ.കെ |
| എം ബുക്ക് നംപർ | 36/20-21 |
| കരാർ നമ്പർ ,തീയതി | 36/AE/Ckl/20-21 20-2-21 |

20-2-21 ന് ആരംഭിച്ച് 4 മാസത്തിനുള്ളിൽ 19-6-21 ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി ദീർഘിപ്പിച്ച തീയതിയായ 2022 ജനുവരി 10 നു പോലും പൂർത്തീകരിക്കാതെ 10-3-22 നാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക് (16/25-1-23)ന് മറുപടിയായി അസിസ്ററന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരമാണ് കാലാവധി ദീർഘിപ്പിച്ച നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ചോ പിഴ ഇനത്തിൽ തുക ഈടാക്കാത്തത് സംബന്ധിച്ചോ മറുപടി അറിയിച്ചിട്ടില്ല. ആയതിനാൽ പി എ സി തുകയുടെ 1% തുക പിഴ ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

ബി)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | So 169/22 ധന്വന്തരി ടെമ്പിൾ റോഡ് ടാറിംഗ് |
| അടങ്കൽ തുക,ഫണ്ടിനം | 487000ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>613000തനതുഫണ്ട്<br>ആകെ തുക 1100000 |
| പി എ സി തുക | 845159.55 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 2119015201710127393 തീയതി 8-3-22<br>തുക 487000<br>347554 തനതുഫണ്ട് |
| കരാറുകാരന്റെ പേര് | സജീവൻ. പി |
| എം ബുക്ക് നമ്പർ | 47/20-21 |

| | |
|---|---|
| കരാർ നമ്പർ ,തീയതി | 47/AE/Ckl/20-21 - 25-2-21 |

25-2-21 ന് ആരംഭിച്ച് 4 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തിയ്ക്ക് 2021 നവംബർ 30 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനം കാലവർഷം എന്നിവ കാരണം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 2022 ജനുവരി 10 വരെ വീണ്ടും കാലാവധി ദീർഘിപ്പിച്ചു. എന്നാൽ 4-2-2022നാണ് പ്രവൃത്തിപൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് പിഴ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/25-1-23) നൽകിയ മറുപടിയിൽ പ്രസ്തുത കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ചോ പിഴ ഇനത്തിൽ തുക ഈടാക്കാത്തത് സംബന്ധിച്ചോ അറിയിച്ചിട്ടില്ല. ആയതിനാൽ പി എ സി തുകയുടെ 1% തുക പിഴ ഇനത്തിൽ ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

## 1-32 അനിയന്ത്രിതമായി പ്രവൃത്തി പൂർത്തീകരണം വൈകിയത്-പിഴ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | So 134/22 നായനാർ കോളനിയിൽ ബാക്കിഭാഗം ഫുട്പാത്ത് നിർമാണം |
| അടങ്കൽ തുക,ഫണ്ടിനം | 120000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| പി എ സി തുക | 118909 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 2119015201710599602തീയതി 25-10-21 തുക118909 |
| കരാറുകാരന്റെ പേര് | പവിത്രൻ |
| എം ബുക്ക് നമ്പർ | 16/20-21 |
| കരാർ നമ്പർ, തീയതി | 16/AE/ Ckl/20-21 17-1-20 |

17-1-20ന് ആരംഭിച്ച് 3 മാസത്തിനുള്ളിൽ 16-4-20 നകം പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി ഒരു വർഷം കഴിഞ്ഞ് 15-4-21നാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് പിഴ ഈടാക്കിയിട്ടില്ല. കോവിഡ് വ്യാപനത്തിന് മുൻപ് പൂർത്തീകരണ കാലാവധി കണക്കാക്കിയ പ്രവൃത്തി ആയതിനാൽ കോവിഡ് വ്യാപനത്തിന്റെ പേരിൽ, പിഴ ഒഴിവാക്കികൊണ്ട്, 31-7-21 ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്(സാധാ)നം.1444/2021/തസ്വഭവ മേൽ പ്രവൃത്തിയ്ക്ക് ബാധകമാകില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/25-1-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തിയ്ക്ക് അനുവദിച്ച തുകയിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-33 പ്രവൃത്തിമൂല്യം തുകയിൽ നിന്നും വ്യത്യസ്തമായി ബിൽതുക കണക്കാക്കി-അധികം അനുവദിച്ച തുക 112001 രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | So 176/22 ടേക്ക് എ ബ്രേക്ക് പുതിയതെരു മാർക്കറ്റിംഗ് പുനരുദ്ധാരണം |
| അടങ്കൽ തുക,ഫണ്ടിനം | 250000 തനതുഫണ്ട്<br>250000 വികസന ഫണ്ട്<br>500000 ആകെ അടങ്കൽ തുക |
| ബിൽ നമ്പർ,തീയതി,ചെലവ് തുക | 183/ 21-1-22 തുക 225824<br>ചെക്ക് നം.5943254 തീയതി 27-1-22 തുക 250000 |
| കരാറുകാരന്റെ പേര് | പി.വി.രഞ്ജിത്ത് |

| | |
|---|---|
| | |
| എം ബുക്ക് നംപർ | 56/20-21 വാള്യം I&II |
| കരാർ നമ്പർ, തീയതി | 56/AE/LSGD/CkL/20-21 25-2-2021 |

മേൽ പ്രവൃത്തിയുടെ എം.ബുക്ക് 56/20-21 പേജ് പ്രകാരം പ്രവൃത്തിമൂല്യം തുക 324842 രൂപ ആണ്. എന്നാൽ 424842രൂപ പ്രകാരമാണ് ബിൽതുക കണക്കാക്കിയിരിക്കുന്നത്. ആയതുപ്രകാരം അധികം തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|
| പ്രവൃത്തിമൂല്യം | 424842 | 324842 | 100000 |
| ജി എസ് ടി | 50982 | 38981 | 12001 |
| ആകെ തുക | 475824 | 363823 | 112001 |

മേൽ വിവരം അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/24-1-2023 ന് മറുപടിയായി തുക ഒടുക്കു വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് . കരാറുകാരന് അധികമായി നൽകിയ തുക 112001 രൂപ ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-34 വെഹിക്കിൾ ഹയർ ചാർജ്ജസ് - 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 57/22, അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഫീസ് ആവശ്യങ്ങൾക്ക് വേണ്ടി വാഹനസൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ തുക, ഫണ്ടിനം | 332000 തനതു ഫണ്ട് |
| ചെലവ് തുക | 282709രൂപ (സുലേഖ പ്രകാരം) |

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഫീസ് ആവശ്യങ്ങൾക്ക് വേണ്ടി ഒരു വണ്ടി വാടകയ്ക്ക് എടുക്കുകയും 2021-22വർഷം ഈയിനത്തിൽ ആകെ 282709രൂപ വാടക ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് ഒറ്റ ബില്ലിൽ നിന്ന് 30000രൂപയിൽ കവിയുകയോ ഒരു സാമ്പത്തിക വർഷം ആകെ ബില്ലിൽ 1 ലക്ഷം രൂപയിൽ കവിയുന്നതോ ആയ സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. തുക ഈടാക്കി ഒടുക്കിയിട്ടുണ്ടോ എന്ന് അറിയിക്കാനായിട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/26-1-23) മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-35 ടാർ ബാരലിന്റെ വില-തുക സർക്കാരിന്റെ കൺസോളിഡേററഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല

2021-22 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെട്ട റോഡ് ടാറിംഗ്- റീടാറിംഗ് പ്രവൃത്തികളിലെ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (719011400000148) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സർക്കുലർ നം.59827/എഫ്.എം./07/തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് അതേ ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില ഇനത്തിൽ ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയ തുകകൾ അതത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/23-1-23), തുക സർക്കാരിന്റെ കൺസോളിഡേററഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല എന്ന മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്.തുക തിരികെ ഒടുക്കേണ്ടതാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | മെയിന്റയിനൻസ് റോഡ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് | ജനറൽ ഫണ്ട് | ആകെ ഒടുക്ക വരുത്താനുള്ള തുക |
|---|---|---|---|---|
| 2019-20 | 63408 | 11500 | - | 74908 |
| 2020-21 | 88298 | 49028 | - | 137326 |
| 2021-22 | 57834 | 11662 | 20706 | 90202 |
| ആകെ തുക | 209540 | 72190 | 20706 | 302436 |

ആകെ തുക 302436 രൂപ അതത് ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക 6800രൂപ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്

എ) ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ചില വാർഡുകളിലെ വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ,ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പ്രകാരം താരതമ്യം ചെയ്തതനുസരിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് | സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 2/മന്ന | 190 | 39 |
| 3/പട്ടുവത്തെരു | 389 | 110 |
| 6/ബാലൻ കിണർ | 141 | 26 |
| 7/കാട്ടാമ്പള്ളി | 215 | 39 |
| 11/കാഞ്ഞിരത്തറ | 53 | 7 |
| 13/പനങ്കാവ് | 101 | 14 |
| 15/പുതിയതെരു | 701 | 201 |

ബാക്കിയുള്ള കെട്ടിടങ്ങൾ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി ഉപയോഗിക്കുന്നില്ലെന്നും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് മറുപടി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലെ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്

ബി)എഫ്.ടി.ഇ & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക 4000രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. 31.10.2017 ലെ 80/2017 എൽ.എസ്.ജി.ഡി വിജ്ഞാപന പ്രകാരം ലൈസൻസ് ഫീസുകൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.08.02.2018 തീയതിയിൽ നടന്ന 09/36നമ്പർ ഭരണസമിതി തീരുമാന പ്രകാരം ചുമത്താവുന്ന പരമാവധി ഫീസ് നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

മൈക്രോ എന്റർപ്രൈസസ്

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3ലക്ഷം മുതൽ 5 ലക്ഷം വരെ | 500 |

മിനി എന്റർപ്രൈസസ്

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| 5 ലക്ഷം വരെ | 200 |
| 5ലക്ഷം മുതൽ 10 ലക്ഷം വരെ | 400 |
| 10ലക്ഷത്തിന് മുകളിൽ 20 ലക്ഷം വരെ | 1000 |

മേൽ വിജ്ഞാപന പ്രകാരം സ്മോൾ,മീഡിയം,ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.ഗവ. ഉത്തരവു പ്രകാരം സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 5000,10000,15000 എന്നിങ്ങനെയാണ്.

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ സംരംഭം | മൂലധന നിക്ഷേപം അപേക്ഷ പ്രകാരം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കാൻ കുറവ് വന്ന ഫീസ് |
|---|---|---|---|---|---|---|
| 197 | ടോം മാത്യു | ഏഷ്യൻ പോളിമേഴ്സ് | 60 ലക്ഷം | 1000 | 5000 | 4000 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുറവ് വന്ന തുക അടവാക്കാനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നു മറുപടി ലഭിച്ചിട്ടുണ്ട്.

സി). മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക 2800രൂപ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.
2021-22സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം/കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 196 | മാനേജിംഗ് ഡയറക്ടർ ബോണ്ട് വെൽ | 5/665 സിന്തെറ്റിക് റസീൻ | 137HP | 2000 |

| | | | | |
|---|---|---|---|---|
| | റസീൻസ് | | | |
| 197 | ടോം മാത്യു | 5/667 സിന്തെറ്റിക് റസീൻ | 28HP | 300 |
| 832 | ബി.പി.അബ്ദുൾ ഗഫൂർ | 23/686 യൂണിവേഴ്സൽ പ്ലൈവുഡ് | 47HP | 500 |
| | | | ആകെ തുക | 2800 |

ഇത് സംബന്ധിച്ച് 20/25.1.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക 6800രൂപ(4000+2800) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണയം- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല

എ) റോഡിന്റെ തെറ്റായ തരംതിരിവ് കാരണം വസ്തുനികുതി ഇനത്തിൽ നഷ്ടത്തിന് സാധ്യത

ഗ്രാമപഞ്ചായത്തിലെ 5മീറ്ററിൽ കൂടുതൽ വീതിയുള്ള പ്രധാന പി.ഡബ്ല്യു.ഡി റോഡായ പുതിയതെരു-കാട്ടാമ്പള്ളി റോഡ് 1.5 മീറ്ററിൽ കൂടുതൽ എന്ന തരത്തിൽ സഞ്ചയയിൽ തെറ്റായി ഉൾപ്പെടുത്തിയതു കാരണം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% നികുതി വർദ്ധനവ് വരാത്തതിനാൽ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാകുവാനിടയുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 8(2) പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് കാലാകാലങ്ങളിൽ 1ാം ഉപചട്ട പ്രകാരം ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കേണ്ടതാണ്. മേൽ അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/28.01.23) വസ്തുനികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന ഒരു കാലയളവിൽ ആ കാലയളവിലേക്ക് ബാധകമാക്കിക്കൊണ്ട് വഴി സൗകര്യത്തിന്റെ തരംതിരിവ് ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ നികുതി പുനർ നിർണ്ണയിക്കാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുമ്പോൾ തന്നെ ഗ്രാമപഞ്ചായത്തിലെ പ്രധാന പി.ഡബ്ല്യു.ഡി റോഡ് സഞ്ചയയിൽ തെറ്റായി ഉൾപ്പെടുത്തിയത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് വന്ന വീഴ്ചയാണ്. ഓഡിറ്റ് വേളയിൽ വസ്തുനികുതി അന്തിമവിജ്ഞാപനരേഖ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ അന്തിമവിജ്ഞാപനരേഖയിൽ റോഡിന്റെ തരംതിരിവ് നടത്തിയിരിക്കുന്നത് എങ്ങനെയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. അന്തിമവിജ്ഞാപനത്തിലേയും, സഞ്ചയയിലുമുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, മേൽ പരാമർശിച്ച റോഡ് പ്രവേശനമാർഗ്ഗമായി വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി വരുമാന ചോർച്ച ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല. 50003 രൂപ നഷ്ടം.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം അഞ്ചു മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയാണെങ്കിൽ 20% വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ സൈറ്റ് പ്ലാൻ പ്രകാരം പ്രവേശനമാർഗം രേഖപ്പെടുത്തിയിരിക്കുന്നത് 5 മീറ്ററിൽ കൂടുതലുള്ള പുതിയതെരു-കാട്ടാമ്പള്ളി പി.ഡബ്ല്യു.ഡി റോഡാണ്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും , റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മേൽ ചട്ടപ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

A. കെട്ടിട ഉടമസ്ഥൻ : ഷെരീഫ്.കെ.പി

ഉപയോഗക്രമം :വാണിജ്യാവശ്യത്തിനുള്ള 200 ച.മീ കൂടുതലുള്ള ഷോപ്പിംഗ് മാളുകൾ
കെട്ടിട നമ്പർ : 4/881A1, 4/881 A2, 4/881A3, 4/881 A4 ,4/881 A5, 4/881A6
വിസ്തീർണ്ണം : 2062.92 ച.മീ

| കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി വസ്തുനികുതി (@ ₹90/ച.മീ) (15% വർധനവ്)) + | (ഈടാക്കേണ്ട വസ്തുനികുതി (35% വർധനവ്=20% വഴി സൗകര്യം + 15% തറനിർമ്മിതി)) + 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ്ഉൾപ്പെടെ | ഉൾപ്പെടെ | |
| 4/881 A1 | 426.3 | 47213 | 51795+2590+1036=55421 | 8208 |
| 4/881A2 | 251.54 | 27858 | 30562+1528+611--32701 | 4843 |
| 4/881A3 | 441 | 46399 | 51299.8+2565+1026=54891 | 8492 |
| 4/881A4 | 251.54 | 26466 | 29260.35+1463+585=31308.35 | 4842 |
| 4/881A5 | 441 | 43956 | 49017.6+2450.88+980=52448.48 | 8492 |
| 4/881A6 | 251.54 | 25073 | 27958.61+1398 +559=29915.61 | 4842 |
| | | | ആകെ | 39719 |

B. കെട്ടിട ഉടമസ്ഥൻ : പള്ളിപ്രത്ത് പുന്നക്കൽ മുജീബ് റഹമാൻ,പള്ളിപ്രത്ത് പുന്നക്കൽ ഹബീബ് റഹ്മാൻ, പള്ളിപ്രത്ത് പുന്നക്കൽ ഫൌസിയ, പള്ളിപ്രത്ത് പുന്നക്കൽ സാലിഹ, പള്ളിപ്രത്ത് പുന്നക്കൽ സാദിഖ ,പള്ളിപ്രത്ത് പുന്നക്കൽ സാബിറ, പള്ളിപ്രത്ത് പുന്നക്കൽ അബ്ദുൾ റഹ്മാൻ

ഉപയോഗക്രമം :വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ

കെട്ടിട നമ്പർ : 8/618A, 8/618B ,8/618 C, 8/618D ,8/618 E, 8/618 F,8/618 G, 8/618G , 8/ 618 H, 8/618I, 8/618 J, 8/618 K, 8/618 L, 8/618 M, 8/618 N, 8/618 O

വിസ്തീർണ്ണം : 937.46 ച.മീ നികുതി നിരക്ക് @₹70/ച.മീ.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി വസ്തുനികുതി (@ ₹50/ച.മീ) 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ്ഉൾപ്പെടെ | (ഈടാക്കേണ്ട വസ്തുനികുതി (20% വർധനവ് + 5% ലൈബ്രറി സെസ് + 2% സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|
| 8/618A | 64.57 | 4837 | 5424+271+108=5803 | 966 |
| 8/618B | 61.17 | 3274 | 3670.5+183+73=3926.5 | 652.5 |
| 8/618C | 60.77 | 3252 | 3646.2+182+73=3901.2 | 649.2 |
| 8/618D | 59.57 | 3188 | 3574.2+179+71=3824.2 | 636.2 |
| 8/618E | 76.21 | 3876 | 4382.05+219+88=4689.05 | 813 |
| 8/618F | 61.67 | 3136 | 3546+177.3+70.92=3794.22 | 658.2 |
| 8/618G | 60.97 | 3100 | 3505.75+175.28+70=3751.03 | 651.03 |
| 8/618H | 59.77 | 3039 | 3436.75+172+69=3677.75 | 638.75 |
| 8/618I | 76.12 | 3870 | 4376.9+218.8+88=4683.7 | 813.7 |
| 8/618J | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618K | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618L | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618M | 74.12 | 3769 | 4262+213+85=4560 | 791 |
| 8/618N | 30.08 | 1530 | 1729.6+86.48+34.59=1850.67 | 320.67 |
| 8/618O | 30.08 | 1530 | 1729.6+86.48+34.59=1850.67 | 320.67 |
| | | | ആകെ | 10284 |

മേൽ അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/28.01.2023) നൽകിയ മറുപടിയിൽ പഞ്ചായത്ത് രാജ് വസ്തുനികുതിയും,സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം8(2) പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് കാലാകാലങ്ങളിൽ 1ാം ഉപചട്ട പ്രകാരം ഗ്രാമപഞ്ചായത്ത് പുനർ

നിർണ്ണയിക്കേണ്ടതാണ്. എന്നാൽ വസ്തുനികുതി നിർണ്ണയം പ്രാബല്യത്തിലിരിക്കുന്ന ഒരു കാലയളവിൽ ആ കാലയളവിലേക്ക് ബാധകമാക്കിക്കൊണ്ട് വഴി സൗകര്യത്തിന്റെ തരംതിരിവ് ഗ്രാമപഞ്ചായത്ത് പുനർനിർണ്ണയിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ നികുതി പുനർനിർണ്ണയിക്കാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. സഞ്ചയയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തിമൂല്യം തുകയിൽ നിന്നും വ്യത്യസ്തമായി ബിൽതുക കണക്കാക്കി-അധികം അനുവദിച്ച തുക 112001 രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | So 176/22 ടേക്ക് എ ബ്രേക്ക് പുതിയതെരു മാർക്കറ്റിംഗ് പുനരുദ്ധാരണം |
| അടങ്കൽ തുക,ഫണ്ടിനം | 250000 തനതുഫണ്ട്<br>250000 വികസന ഫണ്ട്<br>500000 ആകെ അടങ്കൽ തുക |
| ബിൽ നമ്പർ,തീയതി,ചെലവ് തുക | 183/ 21-1-22 തുക 225824<br>ചെക്ക് നം.5943254 തീയതി 27-1-22 തുക 250000 |
| കരാറുകാരന്റെ പേര് | പി.വി.രഞ്ജിത്ത് |
| എം ബുക്ക് നംപർ | 56/20-21 വാള്യം I&II |
| കരാർ നമ്പർ, തീയതി | 56/AE/LSGD/CkL/20-21 25-2-2021 |

മേൽ പ്രവൃത്തിയുടെ എം.ബുക്ക് 56/20-21 പേജ് പ്രകാരം പ്രവൃത്തിമൂല്യം തുക 324842 രൂപ ആണ്. എന്നാൽ 424842രൂപ പ്രകാരമാണ് ബിൽതുക കണക്കാക്കിയിരിക്കുന്നത്. ആയതുപ്രകാരം അധികം തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|
| പ്രവൃത്തിമൂല്യം | 424842 | 324842 | 100000 |
| ജി എസ് ടി | 50982 | 38981 | 12001 |
| ആകെ തുക | 475824 | 363823 | 112001 |

മേൽ വിവരം അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/24-1-2023 ന് മറുപടിയായി തുക ഒടുക്കു

വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് . കരാറുകാരന് അധികമായി നൽകിയ തുക 112001 രൂപ ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2021-22 | 25-1-23&26-1-23 | കെ.എസ്.എ/കെ.എൻ.ആർ/സി.5/127/2023 തീയതി: 29.03.2023 |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | പ്രൊജക്റ്റിന്റെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കണ്ണൂർ | 2021-22 | 222/22 വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി (പട്ടതാക്കളം) എസ് സി | 29442 | 29442 | 0 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2021-22 | 221/22വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി (പട്ടതാക്കളം) | 32043 | 32043 | 0 |
| ജില്ലാ പഞ്ചായത്ത്,കണ്ണൂർ | 2021-22 | 49/22ബയോഫ്ലോക്സ് മത്സ്യകൃഷി | 18099 | 18099 | 0 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2021-22 | 56/22ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 500000 | 0 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2021-22 | 2/22ക്ഷീരകർഷകന് പാലിന് സബ്സിഡി | 23000 | 23000 | 0 |
| ആകെ തുക | | | 602584 | 602584 | 0 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 17/22ലൈഫ് ഭവനപദ്ധതി | 1000000 | 1000000 | 0 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | S0218/22ലൈഫ് ഭവനപദ്ധതിഎസ് സി | 1920000 | 1920000 | 0 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 56/22ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 652100 | 652100 | 0 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 153/22 മാവിലാവയൽ റോഡ് റീടാറിംഗ് | 900000 | 900000 | 0 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2/22ക്ഷീരകർഷകന് പാലിന് സബ്സിഡി | 100000 | 100000 | 0 |
| ആകെ തുക | | | 4572100 | 4572100 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ നമ്പർ/പേര് | ബില്ല് / വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 2021-22 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 197/21-22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 216/11-02-22 250000 224/16-2-22 250000 | 500000 | 302124 | 197876 |
| 2021-22 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 199/21-22 വിവിധ വാർഡുകളിൽ പോസ്ററ് മാറ്റി സ്ഥാപിക്കൽ | 210/10-2-22 250000 316/16-3-22 250000 | 500000 | 463193 | 36807 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20000 |
| തൻ വർഷം നിക്ഷേപിച്ച തുക | 2500000 |
| ആകെ | 2520000 |
| തൻ വർഷം പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2520000 |

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 20000 | 194/18-10-2014 |
| 2 | ചിറക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 2500000 | 38318/15-03-2022 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം,ഖണ്ഡിക നമ്പർ | തുക | | രശീതി നമ്പർ,തീയ്യതി |
|---|---|---|---|---|
| 2003-04 | 3-5 | 4298 | - | 121010112816/5-3-22 |
| 2015-16 | 2-1 | 3050 | - | 121010106984/22-12-21 |
| 2017-18 | 3-28 | 5480 | | 121010104467/23=10-21 |
| 2011-12,2012-13 | 3-10 | 3000 | | 121010112820/5-3-22 |
| 2020-21 | ഖണ്ഡിക വിവരം ലഭ്യമല്ല | 1200 | | 1210101112913/8-3-22 |
| 2020-21 | ഖണ്ഡിക വിവരം ലഭ്യമല്ല | 900 | | 121010112913/8-3-22 |
| 2020-21 | ഖണ്ഡിക വിവരം ലഭ്യമല്ല | 1200 | | 121010112922/8-3-22 |
| 2020-21 | ഖണ്ഡിക വിവരം ലഭ്യമല്ല | 1200 | | 121010113047/11-3-22 |
| 2020-21 | ഖണ്ഡിക വിവരം ലഭ്യമല്ല | 900 | | 121010113572/22-3-22 |

ഓഡിറ്റ് റിക്കവറി രജിസ്ററർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 7 | 2004-05 | 03.13.1.5 | ഷോപ്പിംഗ് സെന്റർ ബാദ്ധ്യത യാകുന്നു | ,, |
| 2014-15 | 2-1 | 2016-17 | I | തൊഴിൽ നികുതി | ,, |
| 2015-16 | 2-1, 2-6 | 2016-17 | I | ,, | ,, |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 118372750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 131995430 |
| വരവിനങ്ങളിലുള്ള നഷ്ടം | : 56803 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 112001 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1660685 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർ ചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-14 ബി | 50003 | - | ശ്രീ. ടി.ഷിബു കരുൺ, സെക്രട്ടറി |
| 1-15 | 6800 | - | ശ്രീ. ടി.ഷിബു കരുൺ, സെക്രട്ടറി |
| 1-33 | | 112001 | ശ്രീമതി.നവ്യ വേണഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ തുക | 56803 | 112001 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 23305 | ശ്രീ.പ്രസന്നൻ യു. കൃഷി ഓഫീസർ |
| 1-19 | 39150 | ഡോ.ഹഫ്സിസ മുഹമ്മദ് മെഡിക്കൽ ഓഫീസർ പി എച്ച് സി |

| | | |
|---|---|---|
| 1-20 | 400000 | ശ്രീമതി. ബബിത കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചിറക്കൽ |
| 1-21 | 50143 | ശ്രീ.രാജേഷ്.ടി.ആർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-30 | 1148087 | ശ്രീ.ടി.ഷിബുകരുൺ,സെക്രട്ടറി |
| ആകെ തുക | 1660685 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നവ്യ വേണുഗോപാൽ, അസിസ്ററന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറക്കൽ ഗ്രാമപഞ്ചായത്ത് | എൻവീസ്.പി.ഒ കൊളച്ചേരി, കണ്ണൂർ |
| പ്രസന്നൻ യു. കൃഷി ഓഫീസർ | കൃഷി ഭവൻ, കണ്ണപുരം ഗ്രാമപഞ്ചായത്ത് | ഉക്കണ്ടിയിൽ വീട്, അമ്പലപ്പുറം, ചെറുകുന്ന്.പി.ഒ 670301 |
| ശ്രീമതി.ബബിത. കെ,വില്ലേജ് എക്ററൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചിറക്കൽ ഗ്രാമ പഞ്ചായത്ത് | ദിനേഷ് നിവാസ് പി.ഒ, മോറാഴ |
| ഡോ.ഹഫ്സിസ മുഹമ്മദ്മെഡിക്കൽ ഓഫീസർ പി എച്ച് സി | മെഡിക്കൽ ഓഫീസർ പി എച്ച് സി ചിറക്കൽ ഗ്രാമ പഞ്ചായത്ത് | അൽ ഫലാഹ്, കുഞ്ഞിപ്പള്ളി, പുഴാതി.പി.ഒ, കക്കാട് |
| ശ്രീ.ടി.ഷിബു കരുൺ,സെക്രട്ടറി | സെക്രട്ടറി, ചിറക്കൽ ഗ്രാമ പഞ്ചായത്ത് | കരുണാകര, കോഴിബസാർ, മാടായി. |
| ശ്രീ.രാജേഷ്.ടി.ആർ,സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, മത്സ്യഭവൻ, കണ്ണൂർ | ഗാലക്സി ഇല്ലിസിയം കോർട്ട്, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2000-01(തനത്) | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2008-09 മുതൽ 2010-11വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 03 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 05 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 08 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 04 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 666/22 തീയതി 17-06-2022 | 32 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 667/22 തീയതി 17-06-2022 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Chirakkal Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 55317488.79 |
| Cash | Cash | RP-40(a) | 539200.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2145380.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 891113.00 |
| 150000000 | Sale & Hire Charges | RP-5 | 528374.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 71408416.00 |
| 171000000 | Interest Earned | RP-9 | 2019994.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20493846.00 |
| 340000000 | Deposits Received | RP-34 | 1000.00 |
| 350000000 | Other Liabilities | RP-36 | 3870640.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 222985.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 50349.00 |
| 340000000 | Deposits Received | RP-34 | 162087.00 |
| 350000000 | Other Liabilities | RP-36 | 960945.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15530095.00 |
| 460000000 | Loans, Advances and Deposits | RP-47 | 78026.00 |
| | Grand total | | 174229438.79 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5266581.00 |
| 220000000 | Administrative Expenses | RP-12 | 1163872.00 |
| 230000000 | Operations & Maintenance | RP-13 | 2696626.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7301748.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29511123.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3105788.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 4693326.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 637800.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 16397551.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1500000.00 |
| 280000000 | Prior Period item | RP-26 | -143064.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1616468.00 |
| 340000000 | Deposits Received | RP-34 | 1000.00 |
| 350000000 | Other Liabilities | RP-36 | 9028596.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1306.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2693.00 |
| 280000000 | Prior Period Item | RP-26 | -23845.00 |
| 340000000 | Deposits Received | RP-34 | 130861.00 |
| 350000000 | Other Liabilities | RP-36 | 3939957.00 |
| 410000000 | Fixed Assets | RP-38 | 11150789.00 |
| 412000000 | Capital work in Progress | RP-40 | 2349143.00 |
| 420000000 | Investments | RP-41 | 25000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3452832.00 |
| 460000000 | Loans, Advances and Deposits | RP-47 | 3214279.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 42024632.79 |
| Cash | Cash | RP-40(b) | 209376.00 |
| | Grand Total | | 174229438.79 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| |
|---|
| Chirakkal Grama Panchayat INCOME & EXPENDITURE STATEMENT |

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 14048957.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 941246.00 |
| 140000000 | Fee & User Charges | I-4(b) | 3352275.00 |
| 150000000 | Sale & Hire Charges | I-5(b) | 528374.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 199005575.00 |
| 171000000 | Interest Earned | I-8 | 2019994.00 |
| 180000000 | Other Income | I-9 | 1156617.85 |
| | Total Income | | 221053038.85 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15726623.00 |
| 220000000 | Administrative Expenses | I-11(b) | 1234846.00 |
| 230000000 | Operations & Maintenance | I-12(b) | 12805877.00 |
| 240000000 | Interest & Finance Charges | I-13 | 2693.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10224097.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40376633.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 604864.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4772342.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 104592000.00 |
| 255000000 | Maintenance Projects | I-14(e) | 16397551.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1500000.00 |
| 270000000 | Provisions and Write off | I-16 | 27017.00 |
| 272000000 | Depreciation | I-17(a) | 10516148.00 |
| | Total Expenditure | | 218780691.00 |
| | Gross Surplus/ Deficit of income over Expenditure | | 2272347.85 |
| 280000000 | Prior Period Item | I-18 | -651171.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2923518.85 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Chirakkal Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 88635298.56 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 131253.00 |
| 312000000 | Reserves | B-3 | 63251928.00 |
| | Total Reserve & Surplus | | 152018479.56 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17225983.00 |
| | Total Grants, Contributions for Specific Purposes | | 17225983.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1735261.00 |
| 350000000 | Other Liabilities | B-9 | 6663557.48 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 8398818.48 |
| | TOTAL LIABILITIES | | 177643281.04 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 164117353.00 |
| 411000000 | Accumulated Depreciation | B-11 | -61568685.75 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 102548667.25 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 25020000.00 |
| | Total Investments | | 25020000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3653171.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 42234008.79 |
| 460000000 | Loans, Advances and Deposits | B-18 | 4187434.00 |

| | |
|---|---|
| Total Current Assets, Loans and Advances | 0.0 |
| Total Current Assets, Loans and Advances | 50074613.79 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 177643281.04 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.